## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.248 09.07.2015 ൽ മറുപടിയ്ക്ക്

### പൊതുവിതരണ ശൃംഖല വഴി വിപണനം നടത്തുന്ന ഉല്പന്നങ്ങളുടെ ഗുണമേന്മ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. എളമരം കരീം<br>ശ്രീ. കെ.കെ.നാരായണൻ<br>ശ്രീ. കെ.വി.വിജയദാസ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിപണനം നടത്തുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ ; അത്തരത്തിലുള്ള പരിശോധകൾ നടത്താറുണ്ടോ ; | (എ) ഉണ്ട്. സപ്ലൈകോ വാങ്ങുന്ന ഭക്ഷ്യ ധാന്യങ്ങൾക്ക് ഒരു ഗുണമേന്മാ നിലവാരം നിഷ്കർഷിച്ചിട്ടുള്ളതും ഇത് ഉറപ്പാക്കുന്നതിന് സപ്ലൈകോയുടെ ഒരു പ്രത്യേക ഗുണമേന്മാ പരിശോധന വിഭാഗം നിലവിലുള്ളതുമാണ്. സപ്ലൈ ചെയ്ത സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച ശേഷം മാത്രമേ സപ്ലൈകോ ഡിപ്പോകളിൽ സ്വീകരിക്കാറുള്ളൂ. ശബരി ബ്രാൻഡിൽ സപ്ലൈകോ വിപണനം നടത്തുന്ന സാധനങ്ങളുടെ സാമ്പിളുകൾ റാൻഡമായി എടുത്ത് NABL അംഗീകൃത ലാബുകളിലോ, സി.എഫ്.ആർ.ഡി ലാബിലോ പരിശോധിച്ച് ഗുണമേന്മ ഉറപ്പ് വരുത്താറുണ്ട്. സപ്ലൈകോ വാങ്ങുന്ന പൊതുവിപണിയിൽ ഡിമാന്റുള്ള മൾട്ടി നാഷണൽ കമ്പനികളുടേയും, തദ്ദേശീയ കമ്പനികളുടേയും ബ്രാൻഡഡ് ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം അടിസ്ഥാനപരമായി അതാതു കമ്പനികൾക്കാണ്. എന്നാൽ ഇവയുടേയും സാമ്പിളുകൾ റാൻഡമായി എടുത്ത് സി.എഫ്.ആർ.ഡി യിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ഗുണമേന്മാ വ്യത്യാസം ഉണ്ടായാൽ ആ ബാച്ചിലെ ഉൽപ്പന്നങ്ങൾ പിൻവലിച്ച് പുതിയത് മാറ്റി വാങ്ങുന്നുണ്ട്. ഇങ്ങനെ തുടർച്ചയായി വീഴ്ച കണ്ടാൽ അവരിൽ നിന്ന് പിഴ ഈടാക്കുന്നതും ബന്ധപ്പെട്ട കമ്പനികളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതുമാണ്. സപ്ലൈകോ വിൽപ്പനശാലകളിൽ നിന്നും വാങ്ങുന്ന ഭക്ഷ്യധാന്യങ്ങളിൽ എന്തെങ്കിലും ഗുണമേന്മാകുറവ് ബോധ്യപ്പെട്ടാൽ ഉപഭോക്താക്കൾക്ക് അത് മാറ്റി വാങ്ങുന്നതിനോ/ നൽകിയ തുക തിരികെ ആവശ്യപ്പെടാവുന്നതോ ആണ്. |
| (ബി) കാലഹരണപ്പെട്ടതും ഗുണമേന്മയില്ലാത്തതുമായ ഉല്പന്നങ്ങൾ പൊതുവിതരണ ശൃംഖലവഴി വില്ക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (ബി) യും (സി) യും കാലഹരണപ്പെട്ട ഉൽപ്പന്നങ്ങളോ, ഗുണനിലവാരം കുറഞ്ഞ ഉല്പന്നങ്ങളോ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിൽക്കുന്നതായി പരാതികളൊന്നും ലഭിച്ചിട്ടില്ല. സപ്ലൈകോയിൽ ഇ-ടെണ്ടർ മുഖേന വാങ്ങുന്ന സാധനങ്ങൾക്ക് സപ്ലൈയർ 60 ദിവസത്തെ വാറന്റി നൽകുന്നു. സാധനങ്ങൾ ഗുണമേന്മാ പരിശോധനയ്ക്കുശേഷം സ്വീകരിച്ചിട്ട്, |

| | | | |
|---|---|---|---|
| | | | മേൽപ്പറഞ്ഞ കാലയളവിനുള്ളിൽ എന്തെങ്കിലും കുറവ് ശ്രദ്ധയിൽപ്പെട്ടാൽ സപ്ലൈയർമാരിൽ നിന്ന് അത് മാറ്റി വാങ്ങിക്കാറുണ്ട്. സപ്ലൈകോ വിൽപ്പനശാലകളിലെ നീക്കിയിരുപ്പുള്ള സാധനങ്ങൾ കാലഹരണ പരിധിയെത്തുന്നതിന് മുൻപ് തന്നെ അവ ബന്ധപ്പെട്ട ഉൽപ്പാദകരിൽ നിന്നും മാറ്റി വാങ്ങുവാൻ ഷോപ്പ് മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഗുണനിലവാരം കുറഞ്ഞ ഉല്പന്നങ്ങൾ വില്ക്കുന്നതായി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ അവയുടെ വിപണനം തടയാൻ കഴിഞ്ഞിട്ടുണ്ടോ; | | |
| (ഡി) | ഈയിടെ കോടതി നിരോധിച്ച മാഗി എന്ന ഉല്പന്നം സപ്ലൈകോ വഴി വിപണനം നടത്തിയിരുന്നോ ; | (ഡി) | സപ്ലൈകോ വഴി മാഗി എന്ന ഉൽപ്പന്നം വിപണനം നടത്തിയിരുന്നു. എന്നാൽ പരാതികളുടെ അടിസ്ഥാനത്തിൽ ഇതിന്റെ ഗുണമേന്മ ഉറപ്പുവരുത്തുവാൻ ഗവൺമെന്റ് നിർദ്ദേശം നൽകി. ഇപ്പോൾ സപ്ലൈകോ വിൽപ്പനശാലകളിൽ മാഗി എന്ന ഉൽപ്പന്നം ലഭ്യമല്ല. |
| (ഇ) | നിരോധിക്കപ്പെട്ട മറ്റേതെല്ലാം ഉല്പന്നങ്ങൾ സപ്ലൈകോ വഴി വിപണനം നടത്തുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (ഇ) | നിരോധിക്കപ്പെട്ട ഉല്പന്നങ്ങൾ ഒന്നും തന്നെ സപ്ലൈകോ വഴി വിപണനം നടത്തുന്നില്ല. |
| (എഫ്) | പൊതുവിതരണ ശൃംഖല വഴി വിപണനം നടത്തുന്ന ഉല്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (എഫ്) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം നടത്തുന്ന ഉല്പന്നങ്ങളുടെ ഗുണമേന്മ, സപ്ലൈകോ ക്വാളിറ്റി വിഭാഗം ഉറപ്പാക്കുന്നുണ്ട്. |

Beena

സെക്ഷൻ ഓഫീസർ